29/5/2022
29/02/2022



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.592(4)/2013/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.3628/*എസ്.ഐ.സി–ജി 2/2013*)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. എം.സി. തങ്കപ്പൻ,
മൂത്താൻ വീട്,
ചേരാൻപാറ, മലമ്പുഴ (പി.ഒ),
പാലക്കാട്. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ജില്ലാ സർവ്വെ സൂപ്രണ്ട്,
   കളക്ടറേറ്റ്, പാലക്കാട്.
2. അപ്പീൽ അധികാരി &
   ഡെപ്യൂട്ടി ഡയറക്ടർ (സർവ്വെ),
   കളക്ടറേറ്റ്, പാലക്കാട്.

} എതിർകക്ഷികൾ

ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 22.10.2012 ന് പാലക്കാട് കളക്ടറേറ്റിൽ നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെന്ന് ചോദിച്ചാണ് 31.12.2012 ന് ടി കളക്ടറേറ്റിലെ എസ്.പി.ഐ.ഒ യായ ഒന്നാം എതിർകക്ഷിക്ക് അപേക്ഷ നൽകിയത്.

2. അപേക്ഷയിൽ ചേർത്ത ഫയൽ നമ്പരും തീയതിയും വ്യക്തമല്ലാത്തതുകൊണ്ട്, ആയത് അറിയിക്കണമെന്നാവശ്യപ്പെട്ട് ഒന്നാം എതിർകക്ഷി 29.01.2013 ന് അപേക്ഷകന് കത്തു നൽകി. ഇതിനു ശേഷം 14.02.2013 ൽ അപ്പീൽ ഹർജിക്കാരൻ ഒന്നാം അപ്പീലധികാരിയായ കളക്ടറേറ്റിലെ സർവെ ഡെപ്യൂട്ടി ഡയറക്ടർക്ക് അപ്പീൽ നൽകി. ഇതിന് ഒന്നാം അപ്പീലധികാരി 21.02.2013 ൽ നൽകിയ മറുപടിയിൽ അപ്പീൽ പെറ്റീഷനിൽ സ്റ്റാമ്പ് പതിച്ചിട്ടില്ലെന്നും, അപ്പീലിൽ പെറ്റീഷന് ആധാരമായ കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാകുന്നില്ലെന്നും, അതിനാൽ നിയമാനുസൃതമുള്ള സ്റ്റാമ്പ് പതിച്ചതും, അപ്പീൽ പെറ്റീഷന് ആധാരമാക്കുന്നതുമായ കാര്യങ്ങൾ വിശദമാക്കുന്ന അപേക്ഷ സമർപ്പിക്കാൻ നിർദേശിക്കുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്.

3. ഇതുമായി ബന്ധപ്പെട്ട് 15.04.2013 ൽ കമ്മീഷൻ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഇതനുസരിച്ച് രണ്ടാം എതിർകക്ഷി 24.04.2013 ൽ കമ്മീഷന് റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിലും ഒന്നാം അപ്പീലധികാരിയുടെ അപ്പീൽ തീർപ്പിലെ പരാമർശങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

4. ഈ രേഖകളെല്ലാം കമ്മീഷൻ പരിശോധിച്ചു. അതിൽ നിന്ന് കമ്മീഷൻ താഴെപറയുന്ന നിഗമനങ്ങളിൽ എത്തിച്ചേർന്നു.

1. അപ്പീൽ അപേക്ഷയിലെ വ്യക്തതയില്ലാത്ത കാര്യങ്ങൾ വ്യക്തമാക്കി നൽകാൻ അപ്പീൽ ഹർജിക്കാരനോട് ആവശ്യപ്പെട്ട ഒന്നാം അപ്പീലധികാരിയുടെയും എസ്.പി.ഐ.ഒ യുടെയും നിലപാടിൽ തെറ്റൊന്നുമില്ല. പിന്നീട് വിവരങ്ങൾ മനസിലാക്കിയ സാഹച

ര്യത്തിൽ മറുപടി അപേക്ഷകന് നൽകിയതായും കമ്മീഷൻ കരുതുന്നു.

2. ഒന്നാം അപ്പീലാണെന്നു മനസിലാക്കാതെയാണ്, അപേക്ഷയിൽ സ്റ്റാമ്പൊട്ടിക്കണമെന്ന് നിർദേശിച്ചതെന്നും, ഇത് തിരക്കിനിടയിൽ അറിയാതെ സംഭവിച്ച പിഴവാണെന്നും ടിയാൻ പറയുന്നുണ്ട്.

5. ഏതായാലും അപ്പീൽ ഹർജിക്കാരന് ഇതിനകം മറുപടി ലഭിച്ചിട്ടുണ്ട് എന്ന നിഗമനത്തിൽ, ഇതിന്മേൽ തുടർ നടപടികൾ അവസാനിപ്പിക്കുന്നു. ടിയാന് ഇനിയും പരാതി അവശേഷിക്കുന്നുണ്ടെങ്കിൽ, ആയത് കമ്മീഷനെ അറിയിക്കുന്ന പക്ഷം, അതൊരു പരാതി ഹർജിയായി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

6. മേല്പറഞ്ഞ പ്രകാരം അപ്പീൽ ഹർജി ഇന്നേദിവസം 29.02.2020 ന് തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re